"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചാലിയാർ ഗ്രാമപഞ്ചായത്തിലെ താത്കാലിക എം.സി.എഫ് നിൽക്കുന്ന സ്ഥലത്തിന്റെ വാടകയായി പ്രതിമാസം 10000/- രൂപ 2020 മാർച്ച് വരെ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും അടുത്ത സാമ്പത്തിക വർഷം മുതൽ മാലിന്യ സംസ്കരണത്തിന് പൊതു വിഭാഗം ഫണ്ടിൽ നിന്നും നിർബന്ധമായും നീക്കി വയ്ക്കേണ്ടുന്ന വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ചാലിയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

G.O.(Rt)No.341/2020/LSGD തീയതി,തിരുവനന്തപുരം, 08/02/2020

---

പരാമർശം:- ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.12.2019-ലെ കത്ത്

## ഉത്തരവ്

ചാലിയാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതിയായ ക്ലീൻ ചാലിയാറിന്റെ ഭാഗമായി പഞ്ചായത്തിലെ ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നത് ചാലിയാർ പഞ്ചായത്തിലെ മൂലേപ്പാടം പ്രദേശത്ത് ശ്രീ ജോഷി പടവിൻ എന്നവരുടെ ഉടമസ്ഥതിയിലുള്ള റി.സ1/180 നമ്പറിലെ 10 സെന്റ് സ്ഥലത്തുള്ള താൽക്കാലിക ഷെഡിലാണ്. പ്രസ്തുത സ്ഥലത്തിന് 10000/- രൂപ പ്രതിമാസ വാടകയായി നൽകണമെന്ന് വസ്തു ഉടമ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും അവർക്കുള്ള വേതനവും വാഹന വാടകയും നൽകുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ യൂസർഫീയിൽ നിന്നും വാടകയിനത്തിൽ തുക നൽകുവാൻ കഴിയില്ലെന്നും മാലിന്യ ശേഖരണത്തിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാലും അനുയോജ്യമായ മറ്റു സ്ഥലം ലഭ്യമല്ലാത്തതിനാലും വാടകയിനത്തിൽ വസ്തു ഉടമ ആവശ്യപ്പെട്ട തുക (പ്രതിമാസം 10000/- രൂപ എന്ന നിരക്കിൽ) താത്കാലിക എം സി എഫ് നിൽക്കുന്ന സ്ഥലത്തിന്റെ വാടകയായി നൽകുവാൻ അനുമതി നൽകണമെന്നും ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണത്തിന് പ്ലാൻ ഫണ്ടിൽ നിന്നും നിർബന്ധമായും നീക്കി വയ്ക്കേണ്ടുന്ന വിഹിതത്തിൽ നിന്നും താത്കാലിക എം.സി.എഫ് നിൽക്കുന്ന സ്ഥലത്തിന്റെ വാടകയായി വസ്തു ഉടമ ആവശ്യപ്പെട്ട തുക നൽകുന്നതിനായി പദ്ധതി രൂപീകരിച്ച് അനുബന്ധ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന സാഹചര്യം പരിഗണിച്ച് 2020

മാർച്ച് വരെ പ്രതിമാസം 10000/- രൂപ എന്ന നിരക്കിൽ ചാലിയാർ പഞ്ചായത്തിലെ താത്കാലിക എം.സി.എഫ് നിൽക്കുന്ന സ്ഥലത്തിന്റെ വാടകയായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അടുത്ത സാമ്പത്തിക വർഷം മുതൽ മാലിന്യ സംസ്കരണത്തിന് പൊതു വിഭാഗം ഫണ്ടിൽ നിന്നും നിർബന്ധമായും നീക്കി വയ്ക്കേണ്ടുന്ന വിഹിതത്തിൽ നിന്നും താത്കാലിക എം.സി.എഫ് നിൽക്കുന്ന സ്ഥലത്തിന്റെ വാടക നൽകുന്നതിന് തുക നീക്കി വയ്ക്കുന്നതിന് ആവശ്യമായ നടപടി ചാലിയാർ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥലം ലഭ്യമാക്കി എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്, മലപ്പുറം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്–

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്